I/182604/2024

**ഫയൽ നം :** SSG 2/22/2024-TC **തിയതി :** 17-02-2024

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 2333317

**പ്രേഷകൻ,**

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം

**സ്വീകർത്താവ്,**

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർ,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ

സർ

**വിഷയം:-** മോട്ടോർ വാഹന വകുപ്പ് - **ആധാർ ബേസ്ഡ് മൊബൈൽ അപ്ഡേഷൻ - യൂസ്ഡ് വെഹിക്കിൾ ഡീലേഴ്സ് നു വേണ്ടിയുള്ള പ്രേത്യേക മാർഗ്ഗനിർദ്ദേശങ്ങൾ** - സംബന്ധിച്ച്.

**സൂചന :-** 1. SSG 2/243/2023-TC നമ്പർ നിർദ്ദേശങ്ങൾ തീയതി 16/11/2023
2. WP(C) No. 12759/2023 തീയതി 11/04/2023 ലെ വിധിന്യായം
3. B2/293/2023-Trans തീയതി 018/12/2023 നിർദ്ദേശങ്ങൾ
4. നവകേരള സദസ്സ് വഴി കേരള സ്റ്റേറ്റ് യൂസ്ഡ് വെഹിക്കിൾ ഡീലേഴ്സ് ആൻഡ് ബ്രോക്കേഴ്സ് അസോസിയേഷൻ നൽകിയ വിവിധ പരാതികൾ
5. സർക്കുലർ 07/2023, തീയതി 29/03/2023
6. GSR 901(E) തീയതി 22/12/2022

മേൽ സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരള സ്റ്റേറ്റ് യൂസ്ഡ് വെഹിക്കിൾ ഡീലേഴ്സ് ആൻഡ് ബ്രോക്കേഴ്സ് അസോസിയേഷൻ, ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C) No. 12759/2023 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ (സൂചന 2), സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള സൂചന 3 പ്രകാരമുള്ള നിർദ്ദേശ പ്രകാരം, പരിവാഹനിലെ ഡീലർ ഓതറൈസേഷൻ സർട്ടിഫിക്കറ്റ് (DAUC) പോർട്ടലിലൂടെ സർട്ടിഫിക്കറ്റ് കരസ്ഥമാകുവാൻ 08/12/2023 മുതൽ 3 മാസക്കാലം സമയം അനുവദിച്ചിരിക്കുന്നു. ഈ കാലയളവിൽ, കൈവശം വച്ചിരിക്കുന്ന പഴയ വാഹനങ്ങൾ വിൽക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

മേൽകക്ഷികൾ ഇത്തരത്തിൽ കൈവശം വച്ചിരിക്കുന്ന പഴയ വാഹനം വിൽക്കുന്നതിന്, വാഹനത്തിന്റെ ഉടമസ്ഥരെ കണ്ടു പിടിച്ച് അവരുടെ മൊബൈൽ നമ്പറിൽ ലഭിക്കുന്ന OTP വാങ്ങിക്കേണ്ടതായി വരുന്നു. പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിലേക്കായി, യൂസ്ഡ് വെഹിക്കിൾ ഡീലർ/ബ്രോക്കർ ആയിട്ടുള്ള വ്യക്തി അദ്ദേഹത്തിന്റെ കൈവശം സൂക്ഷിച്ചിട്ടുള്ള വാഹനത്തിന്റെ മൊബൈൽ നമ്പർ അപ്ഡേറ്റ് ചെയ്യുവാനായി ഓഫീസിനെ സമീപിക്കുന്ന പക്ഷം, താഴെ പറയുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മൊബൈൽ നമ്പർ അപ്ഡേറ്റ് ചെയ്തു നൽകേണ്ടതാണ്.

1. സൂചന 3 പ്രകാരം സർക്കാർ നിഷ്ക ർഷിച്ചിരിക്കുന്ന സമയ പരിധിക്കകം DAUC പോർട്ടലിൽ നിന്നും ഡീലർ ഓതറൈസേഷൻ സർട്ടിഫിക്കറ്റ് സ്വന്തമാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ഇത്തരത്തിൽ ഡീലർ ഓതറൈസേഷൻ സർട്ടിഫിക്കറ്റ് എടുക്കാത്ത സാഹചര്യത്തിൽ മാത്രം, ഓഫീസ് വഴി താഴെ പറയും പ്രകാരം മൊബൈൽ അപ്ഡേഷൻ ചെയ്യേണ്ടതാണ്.
2. ടി വ്യക്തിയുടെയും വാഹനത്തിന്റെയും ആധികാരികത ഉറപ്പുവരുത്തുന്നതിലേക്കായി, വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പ്രസ്തുത വ്യക്തി യൂസ്ഡ് വെഹിക്കിൾ ഡീലർ/ബ്രോക്കർ ആണെന്ന് തെളിയിക്കുന്നതിനുള്ള രേഖ, പ്രസ്തുത വ്യക്തിയുടെ ആധാർ കാർഡ് എന്നി രേഖകൾ പരിശോധിച്ച്

ആധികാരികത ഉറപ്പുവരുത്തേണ്ടതാണ്. എന്നിവയോടൊപ്പം മൊബൈൽ നമ്പർ അപ്ഡേറ്റ് ചെയ്യുന്ന സംബന്ധിച്ച പൂർണ ഉത്തരവാദിത്വം അപേക്ഷകനാണ് എന്ന് ബോധിപ്പിച്ചു കൊണ്ടുള്ള 200/- രൂപയുടെ മുദ്രപത്രത്തിൽ സത്യവാങ്മൂലം കൂടി രജിസ്റ്ററിങ് അതോറിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും ആയത് മറ്റു അനുബന്ധ രേഖകളോടൊപ്പം പരിവാഹനിൽ അപ്ലോഡ് ചെയ്യേണ്ടത് ആകുന്നു

3. പരിവാഹൻ പോർട്ടലിലെ "Mobile number Verification (Approval will be done by RTO)" വഴി, ടി വ്യക്തിയുടെ ആധാറുമായി ലിങ്ക് ചെയ്യപ്പെട്ടിട്ടുള്ള മൊബൈൽ നമ്പർ ആയിരിക്കണം അപ്ഡേറ്റ് ചെയ്തു നൽകേണ്ടത്.
4. ഈ ഉത്തരവ് മൊബൈൽ നമ്പർ അപ്ഡേറ്റ് ചെയ്യുന്നതിന് മാത്രം ബാധകമാണ്. വാഹനങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുന്ന നടപടികൾ കേന്ദ്ര മോട്ടോർ വാഹന നിയമ പ്രതിപാദിക്കുന്ന പ്രകാരം നടത്തേണ്ടതാകുന്നു.
5. ഇതുമായി ബന്ധപ്പെട്ട് ഓഫീസിൽ സമർപ്പിക്കുന്ന അപേക്ഷകൾ ഓഫീസ് മേലധികാരിയെ കാണിച്ചു ഉത്തരവ് വാങ്ങിയ ശേഷം മാത്രം തുടർ നടപടികൾ സ്വീകരിക്കേണ്ടതും, മൊബൈൽ നമ്പർ അപ്ഡേറ്റ് ചെയ്യുന്നതിന് അനുബന്ധമായി ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ രേഖകൾ അപ്ലോഡ് ചെയ്തു എന്ന് ഉറപ്പുവരുത്തേണ്ടതും, ആയവയുടെ ഹാർഡ് കോപ്പി തുടർന്നുള്ള പരിശോധനകൾക്കായി ഓഫീസിൽ സൂക്ഷിക്കേണ്ടതുമാകുന്നു.
6. സെക്കൻഡ് ഹാൻഡ് യൂസ്ഡ് വാഹനം വിൽക്കുന്ന എല്ലാ സ്ഥാപനങ്ങൾ ഒരു മാസത്തിനുള്ളിൽ തന്നെ കേന്ദ്രസർക്കാർ GSR 901 (E) എന്ന വിജ്ഞാപനത്തിൽ പറയുന്ന പ്രകാരമുള്ള Dealer Authorisation Certificate (DUCA) ലൈസൻസ് കരസ്ഥമാക്കേണ്ടതും, തുടർന്നുള്ള വാഹന വാങ്ങൽ വിൽപ്പന പ്രസ്തുത ലോഗിൻ മുഖാന്തരം മാത്രമാക്കേണ്ടതും ആകുന്നു.

**മേൽപ്പറയുന്ന നിർദ്ദേശങ്ങൾ വീഴ്ച കൂടാതെ പാലിക്കേണ്ടതാണ്. മൊബൈൽ നമ്പർ അപ്ഡേറ്റ് ചെയ്യുന്നതിലേക്കായി നൽകിയിട്ടുള്ള നിർദ്ദേശം 16-04-2024 വരെ മാത്രം നില നിൽക്കുന്നതാണ്.**

**ഉള്ളടക്കം** : B2/293/2023-Trans തീയതി 018/12/2023 നിർദ്ദേശങ്ങൾ
**പകർപ്പ്** : കേരള സ്റ്റേറ്റ് യൂസ്ഡ് വെഹിക്കിൾ ഡീലേഴ്സ് ആൻഡ് ബ്രോക്കേഴ്സ് അസോസിയേഷൻ (നവകേരള സദസ്സിലൂടെ ലഭിച്ച പരാതികൾക്ക് മറുപടി ലഭ്യമാക്കുന്നതിലേക്കായി)

Signed by
Pramoj Sanker P S
Date: 17-02-2024 23:56:14

വിശ്വസ്തതയോടെ,

PRAMOJ SANKER P S
ADDITIONAL TRANSPORT COMMISSIONER

5983097/2023

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

ഗതാഗത (ബി) വകുപ്പ്

നമ്പർ.ബി2/293/2023-ഗതാ. 08-12-2023,തിരുവനന്തപുരം

സെക്രട്ടറി

ജനറൽ സെക്രട്ടറി

കേരള സ്റ്റേറ്റ് യൂസ്ഡ് വെഹിക്കിൾ ഡീലേഴ്സ് & ബ്രോക്കേഴ്സ് അസോസിയേഷൻ

വാഹന ഭവൻ, നൂറാനി ജംഗ്ഷൻ, പാലക്കാട് - 678004.

സർ,

വിഷയം:- ഗതാഗത വകുപ്പ് - സെക്കന്റ് ഹാന്റ് (Used) വാഹനം വിൽക്കുന്ന സ്ഥാപനങ്ങൾക്ക് Authorization Certificate ഏർപ്പെടുത്തുകയും നിയന്ത്രണങ്ങൾ കൊണ്ടുവരുന്നത് - സംബന്ധിച്ച്.

സൂചന:- 1) കേരള സ്റ്റേറ്റ് യൂസ്ഡ് വെഹിക്കിൾ ഡീലേഴ്സ് & ബ്രോക്കേഴ്സ് അസോസിയേഷൻ സമർപ്പിച്ച 31/03/2023-ലെ നിവേദനം.

2) WP(C)No.12759/2023 കേസിൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച 11/04/2023-ലെ വിധിന്യായം.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സെക്കന്റ് ഹാന്റ് (Used) വാഹനം വിൽക്കുന്ന സ്ഥാപനങ്ങൾക്ക് Authorization Certificate നിർബന്ധമാക്കി, കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിൽ ചട്ടം 55A ഉൾപ്പെടുത്തിക്കൊണ്ട്, 22.12.2022 ൽ ആണ് കേന്ദ്രസർക്കാർ GSR 901 (E) നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചത്. ഈ ഭേദഗതി 01.04.2023 മുതൽ പ്രാബല്യത്തിൽ വരുമെന്ന് പ്രസ്തുത വിജ്ഞാപനത്തിൽ വ്യക്തമാക്കിയിരുന്നു. വാഹന ഉടമകൾ used car broker-മാർക്ക് പഴയ വാഹനങ്ങൾ വിൽക്കുമ്പോൾ ടി വാഹനങ്ങൾ സമയബന്ധിതമായി ഉടമസ്ഥാവകാശം മാറ്റുന്നില്ലായെന്നും വർഷങ്ങളോളം വാഹനം പഴയ വാഹന ഉടമയുടെ പേരിൽ തന്നെ നിലനിൽക്കുന്നുവെന്നും പ്രസ്തുത വാഹനത്തെയോ വാഹനം കൈവശം വച്ചിരിക്കുന്ന വ്യക്തികളെയോ കണ്ടെത്തുവാൻ സാധിക്കാതെ പഴയ ഉടമകൾ ബുദ്ധിമുട്ടുകയാണെന്നുള്ള നിരവധി പരാതികൾ മോട്ടോർ വാഹന വകുപ്പിന് ലഭിച്ചുവരുന്നുണ്ട്. മാത്രമല്ല second hand used വാഹനങ്ങൾ വാങ്ങുന്നവരെയും വിൽക്കുന്നവരെയും നിയന്ത്രിക്കുവാൻ നിലവിൽ മോട്ടോർ വാഹന നിയമത്തിലോ ചട്ടത്തിലോ വ്യവസ്ഥയില്ലായിരുന്നു. ഇതിനെല്ലാം ഒരു പരിഹാരമായാണ് കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിൽചട്ടം 55A കൂട്ടിച്ചേർത്തുകൊണ്ട് കേന്ദ്രസർക്കാർ ഭേദഗതി വരുത്തിയിട്ടുള്ളത്.

പൊതുജനങ്ങളിൽ നിന്നും തടസ്സവാദങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് 12.09.2022-ൽ കേന്ദ്രസർക്കാർ കരട് ചട്ടം പുറപ്പെടുവിച്ച ശേഷമാണ് പ്രസ്തുത ചട്ടത്തിൽ അന്തിമ ഭേദഗതി വരുത്തിയിട്ടുള്ളത്. സെക്കന്റ് ഹാന്റ് വാഹന ഡീലർമാർക്ക് കരട് ചട്ടത്തിനെതിരെ തടസ്സവാദം ഫയൽ ചെയ്യുവാൻ അവസരമുണ്ടായിട്ടും അപ്രകാരം ചെയ്തിട്ടില്ല. പ്രസ്തുത

ചട്ടപ്രകാരം വാഹൻ software-ൽ ഭേദഗതി വരുത്തുന്നതിനാണ് second hand വാഹനം വിൽക്കുന്നവർക്ക് ഓതറൈസേഷൻ എടുക്കുവാൻ 14.04.2023 വരെ സമയം അനുവദിച്ചുകൊണ്ട് മോട്ടോർ വാഹന വകുപ്പ് സർക്കുലർ 7/2023 പുറപ്പെടുവിച്ചിരുന്നത്. GST Registration എടുക്കുവാനും മറ്റും 11 മാസം കൂടി അനുവദിക്കണമെന്നാണ് സൂചന(1) നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്. ഇപ്പോൾ തന്നെ കേന്ദ്ര നിർദ്ദേശം വന്ന് 7 മാസം കഴിഞ്ഞിട്ടുണ്ട്. ആയതിനാൽ GST Registration എടുക്കുവാനും Authorization എടുക്കുവാനുമായി ഈ കത്തിന്റെ തീയതി മുതൽ ഒരു മാസം സമയം കൂടി അനുവദിക്കുന്നു. അതുപോലെ തന്നെ Authorization Certificate എടുക്കുന്നതുവരെ വാങ്ങിയിട്ടുള്ള പഴയ വാഹനങ്ങൾ വിൽക്കുന്നതിന് 3 മാസം കൂടി സമയം അനുവദിക്കുന്നു. എന്നാൽ Authorization Certificate എടുത്തുകഴിഞ്ഞാൽ കേന്ദ്രമോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 55A യിലെ നിബന്ധനകൾ പാലിച്ചശേഷം മാത്രമേ പഴയ വാഹനങ്ങൾ വാങ്ങുവാനും വിൽക്കുവാനും പാടുള്ളൂ. അതുപോലെ തന്നെ Authorization Certificate ലഭിക്കുന്നതിന് കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 81 പ്രകാരമാണ് കേന്ദ്രസർക്കാർ 25000/- രൂപ ഫീസ് നിശ്ചയിച്ചിട്ടുള്ളത്. അതിനാൽ ഇത് കുറയ്ക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ഇക്കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,
ചിത്രലേഖ ആർ ജി
അണ്ടർ സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signed by
Ratheesh R
Date: 08-12-2023 14:53:25

പകർപ്പ്:- ഗതാഗത കമ്മീഷണർ (അറിവിലേക്കും ഇത് സംബന്ധിച്ച് തുടർ നടപടികൾക്കുമായി)